പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 4397

21.03.2018 ൽ
മറുപടിക്ക്

# പോലീസിന്റെ നൈറ്റ് പട്രോളിംഗ്

**ചോദ്യം**

ശ്രീ. മഞ്ഞളാംകുഴി അലി

എ) പോലീസിന്റെ നൈറ്റ് പട്രോളിംഗ് രീതിയിൽ ആധുനിക സങ്കേതങ്ങളുടെ ഉപയോഗം പ്രയോജനപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

ബി) ഇ ബീറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഗ്രാമ പ്രദേശങ്ങളിൽ ഉൾപ്പെടെ പദ്ധതി നടപ്പിലാക്കുന്നതിന് ആലോചനയുണ്ടോ;

സി) നൈറ്റ് പട്രോളിംഗിൽ റസിഡന്റ്സ് അസോസിയേഷനുകളുടെയും പൊതുജനങ്ങളുടെയും, നവമാധ്യമങ്ങളിലൂടെയും അല്ലാതെയുമുള്ള സഹകരണം കൂടി ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**മറുപടി**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

എ) യും ബി) യും പോലീസിന്റെ നൈറ്റ് പട്രോളിംഗ് രീതിയിൽ ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി ഇ-ബീറ്റ് സംവിധാനം തിരുവനന്തപുരം സിറ്റി, കൊച്ചി സിറ്റി, കൊല്ലം സിറ്റി, കോഴിക്കോട് സിറ്റി, തിരുവനന്തപുരം റൂറൽ, എറണാകുളം റൂറൽ എന്നീ പോലീസ് ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. നൈറ്റ് പട്രോളിംഗിന് ജി.പി.എസ് ഘടിപ്പിച്ച വാഹനങ്ങളും ഉപയോഗിച്ചു വരുന്നു.

സി) ജനമൈത്രി പദ്ധതിയുടെ ഭാഗമായി റസിഡന്റ്സ് അസോസിയേഷനുകളുടെയും പൊതുജനങ്ങളുടെയും സഹകരണം ഉൾപ്പെടുത്തി നൈറ്റ് പട്രോൾ നടത്തി വരുന്നു. നവമാധ്യമങ്ങളായ എസ്.എം.എസ്, വാട്സ് ആപ്പ് തുടങ്ങിയവയും ഉപയോഗിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ